പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ) : സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച ഏറനാടൻ ചെട്ടി, മാണ്ടോടൻ ചെട്ടി സമുദായങ്ങള ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നാണ് അദ്ദേഹം ഇവിടെ പറഞ്ഞത്. 30 വിഭാഗങ്ങളിൽ ഒരു വിഭാഗത്തെപ്പോലും ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. മറിച്ച് ഒ.ഇ.സി. വിഭാഗങ്ങൾക്ക് ലഭിക്കുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ കൊടുക്കാനുള്ള തീരുമാനമാണെടുത്തിട്ടുള്ളത്. അതിൽ ചെട്ടിവിഭാഗത്തിലെ കോട്ടാർ ചെട്ടീസ്, പറക്കൽ ചെട്ടീസ്, ഏലൂർ ചെട്ടീസ്, ആറ്റിങ്ങൽ ചെട്ടീസ്, പുതുക്കട ചെട്ടീസ്, ഇരണിയൽ ചെട്ടീസ്, ശ്രീപണ്ടാര ചെട്ടീസ്, തെലുഗ ചെട്ടീസ്, ഉദിയൻകളങ്ങര ചെട്ടീസ്, പേരൂർക്കട ചെട്ടീസ്, സാധു ചെട്ടീസ്, ഇരുപത്തിനാലുമന ചെട്ടീസ്, വയനാടൻ ചെട്ടീസ്, കലവറ ചെട്ടീസ്, ഇരുപത്തിനാലുമന തെലുഗ ചെട്ടീസ് എന്നീ വിഭാഗങ്ങൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വയനാട് ജില്ലയിലുള്ള ഏറനാടൻ ചെട്ടി, മാണ്ടോടൻ ചെട്ടി വിഭാഗങ്ങളെക്കൂടി ഈ പരിധിക്കകത്ത് കൊണ്ടുവന്ന് ഒ.ഇ.സി. വിഭാഗങ്ങൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം നൽകാൻ കഴിയുമോ എന്ന് പരിശോധിക്കുവാൻ പിന്നോക്കക്ഷേമ വകപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് കിട്ടിയാലുടൻ ഈ വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടതാണെങ്കിൽ തീർച്ചയായും ഒ.ഇ.സി. വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്ന വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കും.

(13) പന്തളം-കാരയ്ക്കാട് ഭാഗത്തുണ്ടാകുന്ന അപകടം ഒഴിവാക്കൽ

ശ്രീ. കെ. ശിവദാസൻ നായർ : സർ, എം.സി. റോഡിൽ പന്തളം മുതൽ കാരയ്ക്കാടുവരെയുള്ള ഭാഗങ്ങളിൽ അടിക്കടിയുണ്ടാകുന്ന വാഹനാപകടങ്ങളിൽ നിരവധിപ്പേർ മരിക്കുന്ന സംഭവങ്ങളുണ്ടാകുന്നത് ഒഴിവാക്കുന്നതിനുവേണ്ടിയിട്ടുള്ള മുൻകരുതലുകൾ എടുക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. രാജ്യാന്തര നിലവാരത്തിൽ നവീകരിച്ച എം.സി. റോഡിൽ പറന്തൽ മുതൽ പന്തളം-ചെങ്ങന്നൂർ വരെയുള്ള ഭാഗത്ത് അറ്റകുറ്റപ്പണികളോ സംരക്ഷണ പ്രവൃത്തികളോ നടക്കാത്തതിനാൽ വശങ്ങൾ ഇടിഞ്ഞുതുടങ്ങി. ലോകബാങ്കിന്റെ സേഫ് സോൺ പദ്ധതിയിൽ തിരുവനന്തപുരം മുതൽ അടൂർ വരെ മാത്രം ഉൾപ്പെടുത്തിയതോടെ പറന്തൽ, കുരമ്പാല, പന്തളം, കുളനട, ചെങ്ങന്നൂർ വരെയുള്ള കെ.എസ്.ടി.പി.-യുടെ ആദ്യഭാഗ നിർമ്മാണത്തിലുൾപ്പെടുത്തി നിർമ്മിച്ച പ്രദേശങ്ങളിൽ റോഡ് പരിപാലനം നാമമാത്രമായി. പറന്തൽ മുതൽ ചെങ്ങന്നൂർ വരെയുള്ള റോഡിലെ ടാർ മാർക്കുകളും സൂചകങ്ങളും മാഞ്ഞു. വെള്ള-ചുവപ്പ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

റിഫ്ലക്ടർ സ്റ്റഡ്ഡുകൾ ഒട്ടുമുക്കാലും നിറംകെട്ടു. വാഹനങ്ങൾ കയറിയിറങ്ങി അതെല്ലാം റോഡിൽതന്നെ താഴ്ന്ന നിലയിലാണ്. മാത്തുക ഒന്നാം പന്തിയിൽ ഗവൺമെന്റ് എൽ.പി. സ്കൂളിന് സമീപമുള്ള വളവിൽ ശാസ്ത്രീയമായി ചരിവോട്ടുകൂടി റോഡ് വീതികൂട്ടി നിർമ്മിച്ചെങ്കിലും തകർന്ന് പല തട്ടുകളായി കിടക്കുകയാണ്. റോഡിന്റെ സ്ഥിതിയറിയാതെ വേഗത്തിലെത്തുന്ന വാഹനങ്ങളുടെ ഡ്രൈവർമാർ അപകടത്തിൽപ്പെടാതിരിക്കാൻ വളരെയധികം പ്രയാസപ്പെടുന്നു. അവിടെ റോഡ് താഴ്ന്ന, ഡ്രൈവർമാർ ശ്രദ്ധിക്കുക എന്ന രണ്ട് ബോർഡുകൾ മാത്രമാണ് സ്ഥാപിച്ചിരിക്കുന്നത്. ഇവിടെ ശാസ്ത്രീയമായി ഹംപ് സ്ഥാപിക്കുകയോ ബ്ലിങ്കിംഗ് ലൈറ്റ് വയ്ക്കുകയോ ശാസ്ത്രീയമായ രീതിയിൽ അപകടങ്ങൾ കുറയ്ക്കുന്നതിനു വേണ്ടിയിട്ടുള്ള നടപടികൾ സ്വീകരിക്കണം. അടിയന്തരമായി റോഡ് താഴ്ന്ന ഭാഗങ്ങൾ പുനർനിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളണം. ഗുരുതരമായ ഒരു സ്ഥിതിവിശേഷമായതിനാൽ നാട്ടുകാർ ഭയാശങ്കയിലാണ്. നിരവധി അപകടങ്ങൾ ഈ പ്രദേശങ്ങളിൽ നിത്യേനയെന്നോണം ഉണ്ടാകുന്നു. ഇത് ഒഴിവാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, ലോകബാങ്ക് സഹായത്തോടെ കെ.എസ്.ടി.പി.-I പദ്ധതിയിൽ 2011 ജനുവരിയിൽ വികസനം പൂർത്തിയാക്കിയ തൈക്കോട് മുതൽ ചെങ്ങന്നൂർ വരെയുള്ള എം.സി. റോഡിലാണ് ബഹുമാനപ്പെട്ട എം.എൽ.എ. പരാമർശിക്കുന്ന പന്തളം-കാരയ്ക്കാട് റോഡ് ഭാഗം ഉൾപ്പെടുന്നത്. ഈ ഭാഗങ്ങളിൽ വാഹനാപകടങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ റോഡിലെ കളനട എന്ന സ്ഥലത്ത് ഏകദേശം 100 മീറ്റർ നീളത്തിൽ റോഡ് താഴ്ന്ന പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കാനായി സംസ്ഥാന ഫണ്ട് ഉപയോഗിച്ച് 10.6 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് 28-10-2014-ൽ ടെണ്ടർ വിളിക്കുകയുണ്ടായി. ആരും ടെണ്ടർ ക്വാട്ട് ചെയ്യാത്തതിനാൽ ഈ പ്രവൃത്തി റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മാത്തുക ഭാഗത്ത് അടുത്തകാലത്തായി റോഡിന്റെ ഒരു വശം ഏകദേശം 50 മീറ്റർ നീളത്തിൽ ചെറുതായി താഴ്ന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ റോഡ് നിരീക്ഷിച്ചുവരികയാണ്. കൂടുതൽ താഴ്ന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നന്നാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കെ.എസ്.ടി.പി.-I പദ്ധതിയിൽ നിർമ്മാണം പൂർത്തിയാക്കിയ 150 കി.മീ. ദൈർഘ്യമുള്ള റോഡുകൾ കെ.എസ്.ടി.പി.-II പദ്ധതിയുടെ ഭാഗ ഉപയോഗിച്ച് B.C. overlay ചെയ്ത് പരിപാലിക്കുന്നതിന് ലോകബാങ്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനായുള്ള ഡി.പി.ആർ.

തയ്യാറാക്കി വരികയാണ്. ഇതിൽ എം.സി. റോഡിലെ പന്തളം-കാരക്കാട്-മാന്തുക-കളനട ഭാഗവും ഉൾപ്പെടുന്നുണ്ട്. ഡി.പി.ആർ ലഭ്യമായാൽ ലോകബാങ്കിന്റെ അംഗീകാരം വാങ്ങി നിർമ്മാണ പ്രവൃത്തി ഏറ്റെടുക്കുന്നതാണ്. ഈ പ്രവൃത്തിയോടൊപ്പം റോഡ് സുരക്ഷാക്രമീകരണങ്ങൾ ചെയ്ത് വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

(14) കരമന-കളിയിക്കാവിള റോഡ് വികസനം

ശ്രീ. ആർ. സെൽവരാജ് : സർ, ദേശീയപാത 47 കരമന മുതൽ കളിയിക്കാവിള വരെയുള്ള റോഡിന്റെ ആദ്യഘട്ട പണി പാപ്പനംകോട് മുതൽ പ്രാവച്ചമ്പലംവരെ നടന്നുവരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും ജില്ലയിലെ മന്ത്രിയെന്ന നിലയ്ക്ക് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുമൊക്കെ മുൻകയ്യെടുത്താണ് ഈ പണി ആരംഭിച്ചത്. അതിനാൽ ഇവരെ ആദ്യമായി അഭിനന്ദിക്കുകയാണ്. തുടർന്നുവരുന്ന വഴിമുക്കുവരെയുള്ള ഭാഗവും കളിയിക്കാവിള വരെയുള്ള ഭാഗവും പണി ആരംഭിക്കേണ്ടതായിട്ടുണ്ട്. ആ റോഡിലൂടെ സഞ്ചരിക്കുന്നവരുടെ അവസ്ഥ വളരെ ദയനീയമാണ്. ഈ പണി ആരംഭിക്കുന്നതിന്റെ ആദ്യഘട്ടം എന്ന നിലയ്ക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിനും അതിന്റെ വാല്യുവേഷൻ നിശ്ചയിക്കുന്നതിനും അടിയന്തരമായി നടപടിയെടുക്കേണ്ടതായിട്ടുണ്ട്. മാത്രവുമല്ല തുടർന്നുള്ള പണികൾ ആരംഭിക്കുന്നതിന് ആവശ്യമായ തുക അടുത്ത ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ടതായിട്ടുമുണ്ട്. ഇതുയും കാര്യങ്ങൾ അടിയന്തരമായി ചെയ്തുതീർക്കുന്നതിന് നടപടി സ്വീകരിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, കരമന-കളിയിക്കാവിള റോഡ് 30.2 മീറ്റർ വീതിയിൽ നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. 29 കി.മീ. ദൂരംവരുന്ന ഈ റോഡ് രണ്ട് ഘട്ടമായി വികസിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്. ഇതിൽ ഒന്നാംഘട്ടത്തിന്റെ ആദ്യ റീച്ചായ കരമന മുതൽ പ്രാവച്ചമ്പലംവരെയുള്ള 5.5 കി.മീ. ദൂരം നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു. ഇവിടത്തെ സ്ഥലമെടുപ്പിനായി 285 കോടി രൂപ ചെലവായി. നിർമ്മാണപ്രവർത്തനങ്ങൾക്കുള്ള 74.53 കോടി രൂപയ്ക്കുള്ള കരാർ ശ്രീധന്യ കൺസ്ട്രക്ഷൻസ് കമ്പനി ഏറ്റെടുത്തിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly